85

Annexure A19

# കേരള സർക്കാർ

സംഗ്രഹം

ഉദ്യോഗസ്ഥഭരണപരിഷ്കാര വകുപ്പ് - ഭിന്നശേഷിയുള്ള കുട്ടികളുടെ രക്ഷിതാക്കളെ പൊതുസ്ഥലംമാറ്റത്തിൽ നിന്നും സ്ഥിരമായി ഒഴിവാക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച വിവിധ ഹർജികളിന്മേൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 15.12.2021-ലെ പൊതുവായ ഉത്തരവ് നടപ്പാക്കിക്കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ -14) വകുപ്പ്

സ.ഉ (കൈ) നം. 22 /2022/ഉ.ഭ.പ.വ തിരുവനന്തപുരം, തീയതി : 26.09.2022.

| | |
|---|---|
| പരാമർശം :- | 1. 25.02.2017 ലെ സ.ഉ (പി) നമ്പർ 3/2017/ഉ.ഭ.പ.വ.<br>2. 29.08.2017 ലെ സ.ഉ.(എം.എസ്)നമ്പർ 18/2017/ഉ.ഭ.പ.വ.<br>3. കേന്ദ്ര സർക്കാരിന്റെ 08.10.2018 ലെ 42011/3/2014.Estt. (Res) നമ്പർ ഓഫീസ് മെമ്മോറാണ്ടം<br>4. ഒ.എ. നം.974/2019, 1662/2019, 1666/2019, 1672/2019, 1693/2019, 1694/2019, 1766/2019, 1841/2019, 1861/2019, 473/2021 & 1215/2021 എന്നിവയിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച 15.12.2021 ലെ പൊതുവായ ഉത്തരവ്. |

## ഉത്തരവ്

ഭിന്നശേഷിയുള്ള കുട്ടികളുടെ രക്ഷിതാക്കളെ പൊതുസ്ഥലംമാറ്റത്തിൽ നിന്നും സ്ഥിരമായി ഒഴിവാക്കണമെന്ന ആവശ്യമുന്നയിച്ചുകൊണ്ട് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ സമർപ്പിച്ച വിവിധ ഹർജികളിന്മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പരാമർശം (4) പ്രകാരം പൊതുവായ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. 2016 ലെ RPD Act- ന്റെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ പുറപ്പെടുവിച്ച പരാമർശം (3) ലെ ഓഫീസ് മെമ്മോറാണ്ടം കണക്കിലെടുത്ത് ഈ വിഷയത്തിൽ പുതിയ ഉത്തരവ് പുറപ്പെടുവിക്കണമെന്നതാണ് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ്.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. പരാമർശം (3) ലെ ഓഫീസ് മെമ്മോറാണ്ടത്തിൽ (അനുബന്ധം) പരാമർശിച്ചിട്ടുള്ള Special Disability

86

A1/1

ഉള്ള ഭിന്നശേഷിക്കാരായ കുട്ടികളുടെ രക്ഷിതാക്കൾക്ക് കൂടി ബാധകമാകുന്ന വിധത്തിൽ ചുവടെ ചേർക്കുന്ന വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തി പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 11 ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

I. കേന്ദ്ര സർക്കാരിന്റെ 08.10.2018 ലെ 42011/3/2014.Estt.(Res) നമ്പർ ഓഫീസ് മെമ്മോറാണ്ടത്തിൽ പരാമർശിച്ചിട്ടുള്ള Special Disability ഉള്ള ഭിന്നശേഷിക്കാരായ കുട്ടികളുടെ രക്ഷിതാക്കളായ സർക്കാർ ഉദ്യോഗസ്ഥരെ കഴിവതും പൊതു സ്ഥലംമാറ്റത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

II. ടി ജീവനക്കാരെ 5 വർഷം കഴിഞ്ഞാൽ സ്ഥലംമാറ്റുന്നെങ്കിൽ കഴിവതും സമീപത്തുള്ള ഓഫീസിൽ മാറ്റി നിയമിക്കേണ്ടതാണ്.

III. അച്ചടക്കനടപടി, വിജിലൻസ് അന്വേഷണം, ക്രിമിനൽ കേസ് മുതലായവയിൽ ജീവനക്കാരൻ ഉൾപ്പെടുന്ന സാഹചര്യത്തിൽ സ്ഥലംമാറ്റത്തിനുള്ള ആനുകൂല്യം ബന്ധപ്പെട്ട വകുപ്പുകൾക്ക് പുന:പരിശോധിക്കാവുന്നതാണ്.

3. പരാമർശം (1) -ലെ ഉത്തരവ് മേല്പറഞ്ഞ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

4. ഇപ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (4) ലെ ഉത്തരവ് നടപ്പാക്കിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Dr. ആഷ തോമസ് ഐ.എ.എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്ക്/പ്രിൻസിപ്പൽ സെക്രട്ടറിമാർക്ക്/സ്പെഷ്യൽ സെക്രട്ടറിമാർക്ക്/സെക്രട്ടറിമാർക്ക്

A19/3

എല്ലാ വകുപ്പമേധാവികൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
സെക്രട്ടറിയേറ്റിലെ ധനകാര്യം, നിയമം ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും
അഡ്വക്കേറ്റ് ജനറൽ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള/കൊച്ചി/കോഴിക്കോട്/കണ്ണൂർ/മഹാത്മാഗാന്ധി/ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ആമുഖ കത്ത് സഹിതം)
ജനറൽ മാനേജർ, കേരള സംസ്ഥാന ഗതാഗത കോർപ്പറേഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി നിലയം, തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)
മുഖ്യമന്ത്രിയുടേയും മറ്റു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
സെക്രട്ടറി, കേരള നിയമസഭ (ആമുഖ കത്ത് സഹിതം)
ചീഫ് സെക്രട്ടറിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിയ്ക്ക്
വിവര പൊതുജനസമ്പർക്ക വകുപ്പ് -സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും പത്രമാധ്യമങ്ങൾക്ക് നൽകുന്നതിനുമായി)

This Annexure A19 is the true copy
of the original document

Fathhudeen. M
Advocate

സ.ഉ.(കൈ) നം.24/2022/P&ARD

Annexure A20

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

**ജീവനക്കാര്യം - സംസ്ഥാന സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റവും നിയമനവും സംബന്ധിച്ച പരിഷ്കരിച്ച മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും - ഭിന്നശേഷിയുള്ള ജീവിത പങ്കാളിയെ സംരക്ഷിക്കുന്ന സർക്കാർ ഉദ്യോഗസ്ഥർക്ക് പൊതുസ്ഥലംമാറ്റത്തിൽ ഇളവ് അനുവദിച്ച് ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

**ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ- 14) വകുപ്പ്**

സ.ഉ.(കൈ) നം.24/2022/P&ARD തീയതി,തിരുവനന്തപുരം, 07-11-2022

പരാമർശം:-

1. 25.02.2017 തീയതിയിലെ സ.ഉ(അ) നം.3/17/ഉഭപവ.
2. 29.08.2017-തീയതിയിലെ സ.ഉ(കൈ) നം.18/2017/ഉ.ഭ.പ.വ.
3. കേന്ദ്ര സർക്കാരിന്റെ 08.10.2018-ലെ 42011/3/2014.Estt.(Res) നമ്പർ ഓഫീസ് മെമ്മോറാണ്ടം.
4. കേരള നിയമസഭയുടെ സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2021-23) മുമ്പാകെ Differently Abled Employees Association വർക്കിംഗ് പ്രസിഡന്റ് ശ്രീ.ബിജു ടി.കെ. 29.05.2022 തീയതിയിൽ സമർപ്പിച്ച ഹർജി.
5. 26.09.2022 തീയതിയിലെ സ.ഉ.(കൈ) നം.22/2022/ഉ.ഭ.പ.വ.

<u>ഉത്തരവ്</u>

സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റവും നിയമനവും സംബന്ധിച്ച് പരിഷ്ക്കരിച്ച മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അംഗീകരിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 11-ൽ സ്ഥലമാറ്റത്തിനും നിയമനത്തിനും വേണ്ടിയുള്ള ആവശ്യത്തിലേയ്ക്കായി പ്രത്യേക മുൻഗണന അർഹിക്കുന്ന പരിരക്ഷിക്കപ്പെട്ട/പ്രഥമഗണനീയ വിഭാഗങ്ങൾ അനുബന്ധ പ്രകാരം നിശ്ചയിച്ച് ഉത്തരവായിരുന്നു. ഭിന്നശേഷിക്കാരായ കുട്ടികളുടെ രക്ഷിതാക്കൾക്ക് പൊതു സ്ഥലംമാറ്റത്തിൽ ഇളവ് നല്കി പരാമർശം (5) പ്രകാരം ഖണ്ഡിക 11 ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2.ഭിന്നശേഷിക്കാരെ ജീവിത പങ്കാളികളാക്കുന്ന സർക്കാർ, സർക്കാർ അനുബന്ധ സ്ഥാപനങ്ങളിലെ പുരുഷ ജീവനക്കാർക്കും വനിത ജീവനക്കാർക്കും പൊതുസ്ഥലംമാറ്റ സമയത്തോ സ്ഥാനക്കയറ്റ സമയത്തോ അല്ലാതെയുള്ള സ്ഥലംമാറ്റങ്ങളിലോ സ്വന്തം ജില്ലയിൽ തന്നെ പരമാവധി വാസസ്ഥലത്തിനോടടുത്ത് നിലനിർത്തുന്നതിന് ആവശ്യമായ ഇടപെടലുകൾ ഉണ്ടാകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടേയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച നിയമസഭാ സമിതി (2021-23) മുമ്പാകെ ശ്രീ.ബിജു.ടി.കെ പരാമർശം (4)

A 20|2

പ്രകാരം ഹർജി സമർപ്പിക്കുകയുണ്ടായി.

3. പ്രസ്തുത ഹർജി സർക്കാർ വിശദമായി പരിശോധിച്ചു. പരാമർശം (3) ലെ ഓഫീസ് മെമ്മോറാണ്ടത്തിലെ ഖണ്ഡിക 3(i) ൽ പരാമർശിക്കും വിധം ഭിന്നശേഷിയുള്ള ജീവിത പങ്കാളി (*Spouse*) യെ സംരക്ഷിക്കുന്ന സർക്കാർ ഉദ്യോഗസ്ഥരെ കഴിവതും പൊതുസ്ഥലംമാറ്റത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചു കൊണ്ട് പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 11 ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു. പരാമർശം (5 ) ഉത്തരവിലെ II,III വ്യവസ്ഥകൾ ഇക്കാര്യത്തിലും ബാധകമാണ്.

4. പരാമർശം (1) ലെ ഉത്തരവ് മേൽപ്പറഞ്ഞ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DR ആഷ തോമസ് ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ അഡീഷണൽചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽസെക്രട്ടറിമാർക്കും/സെക്രട്ടറിമാർക്കും/സ്പെഷ്യൽ സെക്രട്ടറിമാർക്കും/സെക്രട്ടേറിയറ്റിലെ എല്ലാ ഓഫീസർമാർക്കും.
എല്ലാ വകുപ്പുമേധാവികൾക്കും/ഓഫീസുകൾക്കും.
എല്ലാ ജില്ലാ കളക്ടർമാർക്കും.
സെക്രട്ടേറിയറ്റിലെ ധനകാര്യം, നിയമം ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും എല്ലാ സെക്ഷനുകൾക്കും.
രജിസ്ട്രാർ, കേരള/കൊച്ചി/കോഴിക്കോട്/കണ്ണൂർ/മഹാത്മാഗാന്ധി/ശ്രീ.ശങ്കരാചാര്യ (സംസ്കൃത) സർവ്വകലാശാല.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം.
രജിസ്ട്രാർ, ഹൈക്കോടതി, എറണാകുളം.
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, തൃശ്ശൂർ.
രജിസ്ട്രാർ, കേരള ആരോഗ്യ സർവ്വകലാശാല, തൃശ്ശൂർ.
സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി നിലയം, തിരുവനന്തപുരം.
മുഖ്യമന്ത്രിയുടേയും മറ്റു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
പ്രതിപക്ഷനേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ചീഫ് സെക്രട്ടറിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിയ്ക്ക്.
I&PRD-സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും പത്രമാധ്യമങ്ങൾക്ക് നൽകുന്നതിനുമായി.

ഉത്തരവിൻ പ്രകാരം

Signed by Dr Usha Kumari A
Date: 08-11-2022 11:11:02

This Annexure A20 is the true copy of the original document

Fathahudeen. M
Advocate

40

18963
31/8/14

Annexure A21.

കേരള സർക്കാർ

സംഗ്രഹം

ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് - സംസ്ഥാന സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റവും നിയമനവും സംബന്ധിച്ച പരിഷ്കരിച്ച മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും - ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ 14) വകുപ്പ്

സ.ഉ(എം.എസ്) നം.18/2017/ഉഭപവ തിരുവനന്തപുരം, തീയതി 29.08.2017.

പരാമർശം :സ.ഉ(പി)നം.3/2017/ഉഭപവ തീയതി 25/02/2017.

ഉത്തരവ്

സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റവും നിയമനവും സംബന്ധിച്ച് പരിഷ്കരിച്ച മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അംഗീകരിച്ച് പരാമർശപ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 11-ൽ സ്ഥലംമാറ്റത്തിനും നിയമനത്തിനും വേണ്ടിയുള്ള ആവശ്യത്തിലേക്കായി പ്രത്യേക മുൻഗണന അർഹിക്കുന്ന പരിരക്ഷിക്കപ്പെട്ട/ പ്രഥമഗണനീയ വിഭാഗങ്ങൾ അനുബന്ധ പ്രകാരം നിശ്ചയിച്ച് ഉത്തരവായിരുന്നു. പ്രസ്തുത വിഭാഗങ്ങളിൽ 60% നുമേൽ ഡിസബിലിറ്റി ഉള്ളവർക്ക് 5 വർഷത്തേക്ക് പൊതുസ്ഥലംമാറ്റത്തിൽ സംരക്ഷണം നൽകുന്നതോടൊപ്പം കാലാവധി അവസാനിക്കുമ്പോൾ 60% നുമേൽ ഡിസബിലിറ്റി ഉള്ളവർ അവകാശവാദം ഉന്നയിച്ചാൽ മാത്രം സ്ഥലംമാറ്റം നടത്തിയാൽ മതിയാകും എന്നുകൂടി ചേർത്തുകൊണ്ട് ഭേദഗതി വരുത്തി ഉത്തരവാകുന്നു.

പരാമർശപ്രകാരമുള്ള സർക്കാർ ഉത്തരവ് മേൽപ്പറഞ്ഞ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സത്യജീത് രാജൻ
പ്രിൻസിപ്പൽ സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്ക്/പ്രിൻസിപ്പൽ സെക്രട്ടറിമാർക്ക്/ സെക്രട്ടറിമാർക്ക് /സ്പെഷ്യൽ സെക്രട്ടറിമാർക്ക്/സെക്രട്ടേറിയറ്റിലെ എല്ലാ ഓഫീസർമാർക്കും

A 21/2

എല്ലാ വകുപ്പുമേധാവികൾക്കും ഓഫീസുകൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
സെക്രട്ടേറിയറ്റിലെ ധനകാര്യം, നിയമം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും എല്ലാ സെക്ഷനുകൾക്കും
രജിസ്ട്രാർ,കേരള/കൊച്ചി/കോഴിക്കോട്/കണ്ണൂർ/മഹാത്മാഗാന്ധി/ ശ്രീ.ശങ്കരാചാര്യസംസ്കൃത സർവ്വകലാശാല
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം.
ജനറൽ മാനേജർ, കേരള സംസ്ഥാന ഗതാഗത കോർപ്പറേഷൻ, തിരുവനന്തപുരം
രജിസ്ട്രാർ, ഹൈക്കോടതി, എറണാകുളം.
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല,മണ്ണുത്തി
സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി നിലയം,തിരുവനന്തപുരം
പ്രതിപക്ഷനേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്
മുഖ്യമന്ത്രിയുടേയും മറ്റു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിയ്ക്ക്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും പത്രമാധ്യമങ്ങൾക്ക് നൽകുന്നതിനുമായി)

ഉത്തരവിൻപ്രകാരം

(signed)

സെക്ഷൻ ഓഫീസർ

A21
This Annexure..............is the true copy
of the original document

(signed)

Fathahudeen. M
Advocate

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - ഹയർസെക്കന്ററി വിദ്യാഭ്യാസം - സംസ്ഥാനത്തെ സർക്കാർ ഹയർസെക്കന്ററി അധ്യാപകരുടെ പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങളിലെ അനുകമ്പാർഹ - മുൻഗണനാ വിഭാഗങ്ങളെ സംബന്ധിക്കുന്ന 6(iii), 7(ii) വ്യവസ്ഥകൾ ഭേദഗതി ചെയ്ത് ഒ.എ. നം. 642/2022-മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 14.07.2023-ലെ ഉത്തരവ് നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (സി) വകുപ്പ്

സ.ഉ.(സാധാ) നം.5035/2024/GEDN തീയതി,തിരുവനന്തപുരം, 13-08-2024

---

പരാമർശം:-

1. 02.03.2019 ലെ സഉ(സാധാ)നം.838/2019/പൊ.വി.വ. നമ്പർ ഉത്തരവ്
2. ഒ.എ. നം. 642/2022-മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 14.07.2023-ലെ ഉത്തരവ്
3. 25.08.2023 ലെ G.O. (Rt) No. 4857/2023/GEDN നമ്പർ ഉത്തരവ്
4. 16.12.2023 ലെ G.O.(Rt)No.7995/2023/GEDN നമ്പർ ഉത്തരവ്

**ഉത്തരവ്**

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ OA No. 642/2022 നമ്പർ കേസിൽ 14.07.2023 ന് പുറപ്പെടുവിച്ച ഉത്തരവിൽ സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലെ ഹയർസെക്കന്ററി അധ്യാപകരുടെ പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങളിലെ അനുകമ്പാർഹ - മുൻഗണനാ വിഭാഗങ്ങളെ സംബന്ധിക്കുന്ന 6(iii), 7(ii) വ്യവസ്ഥകൾ പരിശോധിക്കുന്നതിനായി സർക്കാർ ഒരു വിദഗ്ധസമിതി രൂപീകരിച്ച് പ്രസ്തുത സമിതി സമർപ്പിക്കുന്ന ശുപാർശകളുടെ അടിസ്ഥാനത്തിൽ ഉചിതമായ തീരുമാനമെടുക്കാൻ ഉത്തരവായിരുന്നു.

2. ബഹു. ട്രൈബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാമർശം (3), പരാമർശ (4) ഉത്തരവുകൾ പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിലെ അഡീഷണൽ സെക്രട്ടറി കൺവീനറായും പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, നിയമവകുപ്പ്, ഉദ്യോഗസ്ഥഭരണപരിഷ്കാര വകുപ്പ് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ അംഗങ്ങളായും ഒരു വിദഗ്ധസമിതി രൂപീകരിച്ചിരുന്നു. വിദഗ്ധ സമിതി, വിവിധ ഘട്ടങ്ങളിലായി യോഗം ചേരുകയും ഒ.എ. നം.642/2022 കേസിലെ അപേക്ഷകരുടെ പ്രതിനിധികളെ നേരിൽ കേൾക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഹയർസെക്കന്ററി സ്കൂൾ അധ്യാപകരുടെ പരാമർശം (1) പ്രകാരമുള്ള പൊതുസ്ഥലംമാറ്റമാനദണ്ഡങ്ങളിലെ 6(iii), 7 (ii) എന്നീ വ്യവസ്ഥകളിൽ ഭേദഗതി നിർദ്ദേശിച്ചുകൊണ്ടുള്ള ശുപാർശ സർക്കാരിന് സമർപ്പിക്കുകയുമുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിദഗ്ധസമിതി സമർപ്പിച്ച ശുപാർശ അംഗീകരിച്ച് സർക്കാർ ഹയർസെക്കന്ററി സ്കൂൾ അദ്ധ്യാപകരുടെ പരാമർശം (1) പ്രകാരമുള്ള പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങളിലെ 6(iii), 7 (ii) എന്നീ വ്യവസ്ഥകളിൽ ചുവടെ ചേർക്കും

പ്രകാരം ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Clause 6(iii)

അനുകമ്പാർഹ സ്ഥലംമാറ്റത്തിന് ഒരു റവന്യൂ ജില്ലയിൽ സ്ഥലംമാറ്റ മാനദണ്ഡപ്രകാരം ഉണ്ടാകുന്ന എല്ലാ ഒഴിവുകളും ജില്ലാടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും കണക്കാക്കി അതിന്റെ 10 % അനുകമ്പാർഹ സ്ഥലംമാറ്റത്തിനർഹതയുള്ളതായി നിജപ്പെടുത്തി നടത്തേണ്ടതും ഇത്തരം സ്ഥലംമാറ്റങ്ങൾ വർഷം തോറും പുനഃപരിശോധിക്കേണ്ടതുമാണ്. ഇത്തരം ഒഴിവുകളിലേയ്ക്ക് രോഗത്തിന്റെ ഗുരുതരാവസ്ഥയുടെ അടിസ്ഥാനത്തിൽ 24.04.2017 ലെ സഉ(പി) നം. 5/2017/ഉഭപവ പ്രകാരം തയ്യാറാക്കിയ മുൻഗണനാക്രമപ്പട്ടികയിൽ വരുന്ന അനുകമ്പാർഹർക്കും അവരുടെ വിഷയത്തിൽ പ്രസ്തുത ജില്ലയിൽ ഒഴിവുണ്ടെങ്കിൽ മാത്രം മുൻഗണനാക്രമത്തിൽ സ്ഥലംമാറ്റം നല്കേണ്ടതാണ്.

Clause 7(ii)

പ്രത്യേക മുൻഗണനാസ്ഥലംമാറ്റങ്ങൾ ഒരു ജില്ലയിൽ സ്ഥലംമാറ്റ മാനദണ്ഡപ്രകാരമുള്ള എല്ലാ ഒഴിവുകളും ജില്ലാടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും കണക്കാക്കി അതിന്റെ 20 % ആയി നിജപ്പെടുത്തിയും നടത്തേണ്ടതാണ്. ഇങ്ങനെ കണക്കാക്കുന്ന ഒഴിവുകളിലേയ്ക്ക് മുൻഗണനാക്രമപ്പട്ടികയിൽ ആദ്യം വരുന്നവർക്ക് അവരുടെ വിഷയത്തിൽ പ്രസ്തുത ജില്ലയിൽ ഒഴിവുകളുണ്ടെങ്കിൽ മാത്രം മുൻഗണനാക്രമത്തിൽ സ്ഥലംമാറ്റം നല്കേണ്ടതാണ്.

4. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (2)-ലെ ഉത്തരവ് ഇപ്രകാരം നടപ്പിലാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

PREETHA S NAIR

അഡിഷണൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം ബ്രാഞ്ച് (ആമുഖ കത്ത് സഹിതം)

പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കൻഡറി വിദ്യാഭ്യാസം), തിരുവനന്തപുരം

ഇൻഫർമേഷൻ ആഫീസർ, വെബ് & ന്യൂമീഡിയ, തിരുവനന്തപുരം

( ഗവൺമെന്റ് വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായി)

കരുതൽ ഫയൽ (GEDN-C1/113/2022-G.EDN)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ